ഉത്തരം

(എ) ഇല്ല.

(ബി&സി) 2012-13-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ടോക്കൺ തുകയായി 1000 രൂപ വകയിരുത്തിയിരുന്നു.

(ഡി) 2013-14 ലെ ബഡ്ജറ്റിൽ ടെക്നോളജി ഇന്നവേഷൻ ഫണ്ടിലേക്ക് 59 ലക്ഷം രൂപയും 2014-15-ൽ 70 ലക്ഷം രൂപയും 2015-16-ൽ 70 ലക്ഷം രൂപയും വകയിരുത്തിയിരുന്നെങ്കിലും പ്രസ്തുത പദ്ധതി, പുതുതായി രൂപീകരിക്കുന്ന കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനാലും പ്രസ്തുത കോർപ്പറേഷൻ പൂർണ്ണരൂപത്തിൽ പ്രവർത്തന ക്ഷമമായിട്ടില്ലാത്തതിനാലും ഇതിലേക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.

ഔദ്യോഗിക ഭാഷയിൽ കേരളം എന്ന മാറ്റം

139 (1965) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മലയാളം ഔദ്യോഗിക ഭാഷയാക്കിയതിന്റെ ഭാഗമായി കേരള എന്നത് കേരളം എന്നാക്കി മാറ്റിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കേരള സംസ്ഥാനത്തിന്റെ പേര് എല്ലാ ഭാഷയിലും 'കേരളം' (Keralam) എന്നാക്കി മാറ്റുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി തേടിയിട്ടുണ്ട്.

സേവനാവകാശ നിയമം

140 (1966) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

GPM. 2/240/2020-27

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 2012 നവംബർ 1 മുതൽ നിലവിൽ വന്ന സേവനാവകാശ നിയമം നടപ്പിലാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ഇപ്രകാരമാണ്. സേവനാവകാശ നിയമവും ചട്ടങ്ങളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, 3-ാം വകുപ്പുപ്രകാരം, ഈ നിയമം പ്രാബല്യത്തിൽ വന്ന തീയതി മുതൽ 6 മാസത്തിനകം ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പുമേധാവിയും പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതായ സേവനങ്ങൾ (ടി നിയമം 2(ജി) വകുപ്പിന്റെ പരിധിയിൽപ്പെട്ടവ), നിയുക്ത ഉദ്യോഗസ്ഥർ, നിശ്ചിത സമയപരിധി, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്.

പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുകയെന്നതും അഴിമതി കുറയ്ക്കുകയെന്നതുമാണ് സേവനാവകാശ നിയമം നടപ്പിലാക്കുന്നതുവഴി ലക്ഷ്യമിടുന്നത്.

23-11-2012, 19-2-2013 എന്നീ തീയതികളിലെ 21145/ഏ.ആർ.12 (1)/12/ഉ.ഭ.പ.വ., 20-12-2012-ലെ 14944/എം.ആർ12(1)/12/ഉ.ഭ.പ.വ., 4-10-2013-ലെ 16203/ഏ.ആർ.12(1)/13/ഉ.ഭ.പ.വ എന്നീ സർക്കുലറുകൾ പ്രകാരം ടി നിയമം നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്കും, കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം സർക്കാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ ഗസറ്റ് വിജ്ഞാപനത്തിലെ വിവരങ്ങളും സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും ചട്ടങ്ങളിലെ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതിലേക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ, പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തപക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് 21-10-2014-ലെ സർക്കുലർ നമ്പർ 16203/ഏ.ആർ.12(1)/2013/ഉ.ഭ.പ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും വകുപ്പുതലവന്മാർ ബന്ധപ്പെട്ട ഭരണവകുപ്പു മുഖേന ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, സേവനങ്ങൾ

ലഭിക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലെന്നും സേവനങ്ങൾ നൽകുന്നതിനു വേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ, അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപനപ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും 15-11-2014-ലെ 16203/എ.ആർ.12(1)/2013/ഉ.ഭ.പ.വ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

നാഷണൽ ഗ്രീൻ ട്രിബ്യൂണൽ

141 (1967) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ സർക്യൂട്ട് ബഞ്ച് കേരളത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയാണ് ആരംഭിച്ചതെന്നും എന്നു മുതലാണ് ആരംഭിച്ചതെന്നും വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ട്രിബ്യൂണലിന് പരാതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ;

(ഡി) ട്രിബ്യൂണലിന്റെ സർക്യൂട്ട് ബഞ്ച് ആരംഭിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ?

ഉത്തരം

(എ-ഡി) കേരള ഹൈക്കോടതിയോട് അനുബന്ധിച്ച് നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ സർക്യൂട്ട് ബഞ്ച് ആരംഭിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഹൈക്കോടതിയുമായി കൂടിയാലോചിച്ച് സർക്കാർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെ ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഒരു മാസത്തിലെ ഒന്നും, നാലും ആഴ്ചകളിലായിരിക്കും ബഞ്ച് പ്രവർത്തിക്കുക പഴയ ഹൈക്കോടതിയുടെ ഹാൾ നമ്പർ VII ക്യാമ്പ് സിറ്റിംഗിനായി ഉപയോഗിക്കുന്നതാണ്. കൂടാതെ മെമ്പർമാർക്കുള്ള ചേമ്പറും ഓഫീസ് പ്രവർത്തിക്കുന്നതിനുള്ള സൗകര്യവും അനുവദിച്ച് നൽകിയിട്ടുണ്ട്. സ.ഉ. (സാധാ. നമ്പർ 2497/2015/ആഭ്യന്തരം തീയതി 3-10-2015 പ്രകാരം ട്രിബ്യൂണലിന്റെ പ്രവർത്തനത്തിനാവശ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകുകയും ആയത് വാങ്ങുന്നതിനുള്ള നടപടി ഹൈക്കോടതി സ്വീകരിച്ചുവരികയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly